കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തൃത്താല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പികെഡി 20-1004/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,

തീയതി: 21.08.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃത്താല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- തൃത്താല ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി 20-1004/2019 തിയ്യതി: 21.08.2019

## പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.08.17 മുതൽ 17.05.19 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-5-2019മുതൽ 25-05-2019വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ.എൻ.സുമേഷ് | ഓഡിറ്റ്ഓഫീസർ |
| 2 | ശ്രീമതി പി.രമാദേവി | അസി.ഓഡിറ്റ്ഓഫീസർ |
| 3 | ശ്രീ.ഹരിഗോബിന്ദ്.കെ.സി | അസി.ഓഡിറ്റ്ഓഫീസർ |
| 4 | ശ്രീമതി.സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 5 | ശ്രീ. ജിജീഷ്.എ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കൃഷ്ണകുമാർ.എ | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.എം.ഡി.വർഗ്ഗീസ് | 01.04.17 മുതൽ 31.03.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീ. ഷിദ്ധി.എൻ.പി | 01-04-2017 മുതൽ<br><br>31.03.18വരെ |
| അസി.സെക്രട്ടറി | ശ്രീമതി. അമ്പിളി.എം | 1.4.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.വിപിൻ കിഷോർ.പി | 1.4.2017മുതൽ<br><br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിബി.കെ.എസ് | 1.4.2017മുതൽ 5.11.2017 വരെ |
| | ഡോ. ജയറാം.പി | 6.11.17 മുതൽ 31.03.18 വരെ |
| വെറ്റിനറി സർജൻ | ഡോ.അരുൺപ്രസാദ് | 1.4.2017മുതൽ 12.06.17 വരെ |
| | ഡോ.പ്രദീപ് ജേക്കബ് | 13.06.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ.അനരാജ്.ടി.സി | 1.4.2017 മുതൽ<br><br>31.03.18വരെ |
| കൃഷി ഓഫീസർ | ശ്രീ. സുനിൽ കെ.പി | 1.4.2017മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീ.സരസ്വതി.സി.എം | 1.4.2017മുതൽ<br><br>31.3.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വിജയകുമാർ.പി | 1.4.2017മുതൽ 31.3.2018 വരെ |
| ഡയറി. എക് സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. അങ്കിത ആന്റോ.സി | 1.4.2017മുതൽ 31.03.2018 വരെ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

07.03.17ലെ ലെ തീരുമാനം നം 1 പ്രകാരം ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.18 | 10.05.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.18 മുതൽ 26.06.18 വരെ | കെ.എസ്.എ.പി.കെ.ഡി 21/1904(81)/18 29.08.18 |

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20043486 |
| വരവ് | 66024239 |
| ആകെ | 86067725 |
| ചെലവ് | 64748235 |
| നീക്കിയിരിപ്പ് | 21319490 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15721323 | 15721323 | 12866349 | 2854974 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12193095 | 12193095 | 11118746 | 1074349 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 38954 | 38954 | 0 | 38954 |
| മെയിന്റനൻസ്, റോഡ് | 0 | 4891426 | 4891426 | 4776737 | 114689 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4545183 | 4545183 | 3791045 | 754138 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7114068 | 7114068 | 6954530 | 159538 |
| കെ.എൽ.എസ് .ജി.ഡി.പി | 0 | 3971386 | 3971386 | 2414703 | 1556683 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴി ലാളി കളുടെ കൂലി | 0 | 12839366 | 12839366 | 12839366 | 0 |
| | അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 0 | 939280 | 939280 | 939059(*) | 221 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി | 585000 | 337147 | 922147 | 114093 | 808054 |
| | ഐ.സി. ഡി.എസ് | 1643986 | 712988 | 2356974 | 260043 | 2096931 |
| | B R G F | 517977 | 0 | 517977 | 335800 | 182177 |
| | എസ്.എസ്.എ | 11019 | 0 | 11019 | 0 | 11019 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 10556 | 12500 | 23056 | - | 23056 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 800000 | 800000 | 800000 | 0 |
| | ജില്ലാ പഞ്ചായത്ത് | | 100000 | 100000 | 100000 | |
| ബി ഫണ്ട് | | 0 | 710400 | 710400 | 710400 | 0 |
| ദുരിതാശ്വാസ നിധി | | 840 | 34 | 874 | 0 | 874 |
| സ്ഥിരനിക്ഷേപം പലിശ അക്കൗണ്ട് | | 214052 | 17124 | 231176 | 0 | 231176 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5102596 | 15987643 | 21090239 | 12271927 | 8827949 |
| | ട്രഷറി അക്കൗണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 11957640 | 10134334 | 22091974 | 12931624 | 9160350 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 81483030 | 170 | 47692721 | - | 42 | 58% |

<u>ഐ.കെ.എം.സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക്</u>

| നിർവ്വഹണോ ദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ആകെ പ്രോജക്ടു കളുടെ എണ്ണം | നടപ്പിലാ ക്കിയ പദ്ധതികൾ | ചെലവ് ശതമാനം |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 34093628 | 25206286 | 132 | 110 | |
| സെക്രട്ടറി | 11128140 | 3806010 | 34 | 21 | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14296700 | 3205600 | 10 | 7 | |
| ഡയറി എക്സ്റ്റൻഷൻ | 250000 | 250000 | 1 | 1 | |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 600000 | 499399 | 3 | 2 | |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 385000 | 385000 | 1 | 1 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5200009 | 3993370 | 8 | 7 | |
| പ്രധാന അധ്യാപിക | 1155000 | 1007810 | 5 | 4 | |
| കൃഷി ഓഫീസർ | 5110000 | 3060000 | 3 | 2 | |
| വെറ്ററിനറി സർജൻ | 2612350 | 1262250 | 5 | 5 | |
| അസിസ്റ്റന്റ് സെക്രട്ടറി | 6652203 | 5016996 | 10 | 10 | |
| ആകെ | 81483030 | 47692721 | 212 | 170 | |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 13778646 | 13778646 | 13778425 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12839366 | 12839366 | 12839366 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4515700 | 5 |
| വിധവാപെൻഷൻ | 11712700 | 95 |
| വാർദ്ധക്യകാലപെൻഷൻ | 23784100 | 162 |
| വികലാംഗപെൻഷൻ | 3008800 | 10 |
| അവിവാഹിത പെൻഷൻ | 794500 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.05.19 2.25 pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4753 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റേതായ സ്ഥിര നിക്ഷേപം ഇൻവെസ്റ്റ്മെന്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിനു പകരം ഒരു ബാങ്ക് അക്കൌണ്ടായി തെറ്റായി അക്കൌണ്ട് ചെയ്ത് മുന്നിരിപ്പിലും നീക്കിയിരിപ്പിലും കാണിച്ചിട്ടുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്ക്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകളുടെ ആവർത്തനം മാത്രമാണുണ്ടാവുന്നത്. പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കുറ്റമറ്റ രീതിയിൽ നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവ പലപ്പോഴും നിഷ്ക്രിയമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി പ്രവർത്തനസജ്ജമാകേണ്ടതും പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ, നിർവ്വഹണ പ്രക്രിയയിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്യേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ കുറേക്കൂടി ജാഗ്രത പാലിക്കേണ്ടതുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കപ്പെടുന്നുണ്ടെന്ന് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം തുടങ്ങിയ വിഷയങ്ങളിൽ പൊതു ഫണ്ടിന് നഷ്ടമുണ്ടാകാത്ത രീതിയിലുള്ള പ്രവർത്തനം നടപ്പിലാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി ഓരോ വാങ്ങലിലും തീരുമാനങ്ങൾ എടുക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തു പരിധിയിലെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ്-2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.

വിതരണം ചെയ്യുന്ന രസീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സൂക്ഷിക്കുന്നില്ല. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്. റദ്ദാക്കുന്ന രസീതികൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കുന്നതും അസി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടതുമായ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി സേവന നികുതി പോലുള്ള പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

വസ്തുനികുതി കുടിശ്ശിക 100 %പിരിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. തൊഴിൽനികുതി, ഡി&ഒ ലൈസൻസ് എന്നിവയുടെ പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. മാലിന്യനിർമ്മാർജ്ജനപ്രവർത്തനങ്ങൾ ശാസ്ത്രീയമായ രീതിയിൽ ഹരിതകേരളം മിഷന്റെ നിർദ്ദേശങ്ങളനുസരിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.05.19 മുതൽ 16.05.19 വരെ | 01.04.19 – 30.04.19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-03-2017 | 2011-12 മുതൽ 2015-16 വരെ | 24-04-2017 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപം തുക ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ ആയി കണക്കാക്കി R P 40(a) യിലും RP 40(b) യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഇത് സ്ഥാപനത്തിന്റെ ആസ്തിയായതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി ബുക്കുകളുടെ ഉപയോഗം കാര്യക്ഷമമാകേണ്ടതാണ്

എ)എല്ലാ രശീതിബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
രശീതി ബുക്കുകൾ വിതരണം ചെയ്യുമ്പോൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചിരിക്കുന്ന രശീതി ബുക്കുകളിലൊന്നും ഇത് രേഖപ്പെടുത്തി കാണുന്നില്ല.

ബി)കൃഷി ഓഫീസർ കൈകാര്യം ചെയ്ത രശീതി ബുക്കുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല

31966, 31972, 31977 എന്നീ രശീതി ബുക്കുകൾ കൃഷി ഓഫീസർ ഉപയോഗിച്ചിട്ടുള്ളവയാണ്. എന്നാൽ ഇവയിലൊന്നും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. അതുപോലെ ചില രശീതികളിൽ തുക എഴുതി കാണുന്നില്ല. ഉദാ- 32, 53(31972). ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

സി)ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്

സാമ്പത്തികവർഷം കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത രശീതി ബുക്കുകളിലെ രശീതികൾ ദുരുപയോഗം തടയുന്നതിനായി ക്യാൻസൽ ചെയ്യേണ്ടതാണ്. 44698, 44700, 31977, 31695 എന്നീ രശീതി ബുക്കുകളിലെ ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ് .

ഡി)ഓഡിറ്റ് നിർദ്ദേശങ്ങൾ

1) രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2) എല്ലാ മാന്വൽ രശീതി ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3) എല്ലാ രശീതികളിലും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

4) രശീതി ബുക്കുകളുടെ ദുരുപയോഗം തടയുന്നതിനായി സാമ്പത്തിക വർഷം കഴിയുമ്പോൾ ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവ്- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2017-18 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ) വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം(ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം |
|---|---|---|
| 1 | നിളാ ഫ്യൂവൽസ്(8) | 1&2 |
| 2 | ടി കെ എം സ്വാമിൽ(46) | 1& 2 |
| 3 | അനുഗ്രഹ ടിമ്പർ പ്രൊഡക്റ്റ്സ്(8) | 1& 2 |
| 4 | കെമീസ് ഫാർമസ്യൂട്ടിക്കൽസ്(14) | 1& 2 |
| | | |

| | | |
|---|---|---|
| 5 | തുത്താല പെട്രോളിയം ഏജൻസി(4) | 1& 2 |
| 6 | ഇന്ദ്ര ഡിസൈനർ ടൈൽസ്(9) | 1& 2 |
| 7 | വിജയ് സിൽക്സ്, തൃത്താല(11) | 1& 2 |
| 8 | പുലരി എഞ്ചിനീയറിങ് വർക്സ്(4) | 1& 2 |
| 9 | മലബാർ ട്രേഡേഴ്സ്(4) | 1& 2 |
| 10 | ഉഡുപ്പി ഫാമിലി റെസ്റ്റോറന്റ്(9) | 1&2 |
| 11 | മലബാർ ഫ്ലോറിങ്സ്(6) | 1&2 |
| 12 | ടി കെ എം വുഡ് ഇൻഡസ്ട്രീസ്(6) | 1&2 |
| 13 | അമ്മു സ്വാമിൽ(5) | 1&2 |
| 14 | ഡോ.കെ.വി.വിജയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്(9) | 1&2 |
| 15 | ഗ്രാന്റ്സൺ ഭാരത് ഗ്യാസ് | 1&2 |
| 16 | സഹറ ഹൈപ്പർ മാർക്കറ്റ് | 1&2 |
| 17 | ജംഷീദ് ഇൻഡസ്ട്രീസ് ക്രഷർ(4) | 1&2 |
| 18 | ശ്രീ നാരായണ ആർട്ട്സ് & സയൻസ് കോളേജ്(4) | 1&2 |

ബി) <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | എം.എൻ.മുഹമ്മദ് റഫീഖ് | 1 |
| 2 | ഷൗഫീഖ്.സി.കെ | 13 |
| 3 | ടി.എ.സെയ്ദുമുഹമ്മദ് | 2 |
| 4 | എം.അബ്ദുൾ നിസാർ | 12 |
| 5 | ടി.ടി.അബ്ദുള്ള | 4 |
| 6 | പി.വി.മുസ്തഫ | 5 |
| 7 | പി.വി.അബു | 3 |
| 8 | സിദ്ധിഖുൽ അക്ബർ.കെ.പി | 4 |

സി) <u>സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി എസ് എൻ എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും കുടിശ്ശിക സഹിതം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഡി)<u>റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ടി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

ഇ)ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പുതുതായി ഡി&ഒ ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ ടി സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.
2. എല്ലാ സ്ഥാപനങ്ങളിലേയും ജിവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

3. എല്ലാ ട്രേഡേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കേണ്ടതാണ്.
4.നികുതി ഈടാക്കുന്നതിൽ ചട്ടം പാലിക്കേണ്ടതാണ്.
5.റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.
6. ഓരോ അർദ്ധവർഷത്തേയും നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നുണ്ടെന്നും ഗ്രാമ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ലെന്നും മേലധികാരികളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കേണ്ടതും നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ഡി&ഒ ലൈസൻസ്-ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2017-18 വർഷത്തിൽ ലഭിച്ച ഡി&ഒ അപേക്ഷകൾ,ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ)അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

ഡി&ഒ ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.അതുപോലെ മൊത്തം വിറ്റ് വരവ്,ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്താത്തത് അപാകതകൾക്ക് കാരണമാകുന്നു.

ഉദാ- ജംഷീദ് ഇൻഡസ്ട്രീസ്, ഇന്ദ്ര ഡിസൈനർ ടൈൽസ്

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-പുതുക്കിയ ചട്ടപ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് 31.10.2017 ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. ഭേദഗതി ചട്ട പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. പട്ടിക 2ൽ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് മൊത്തം വിറ്റു വരവിനു പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്.

സി) പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല.
1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ തൃത്താല ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ഡി & ഓ ലൈസൻസ് എടുത്തിട്ടില്ലെന്ന് ഡി & ഓ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.
ഡി) 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി നടപടികൾ സ്വീകരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ 576/ഡി.സി.1/16, ത.സ്വ.ഭ.വ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1. വിൽപന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വിൽപന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3.ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ളാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6 .പ്ലാസ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ് . എന്നാൽ തൃത്താല ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഇ)ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 2010 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ പുതുക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകൾ പൂർണ്ണമാണെന്ന് ഉറപ്പാക്കേണ്ടതാണ്.
3. അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട്, അംഗീകാരം നൽകിയ വ്യക്തിയുള്ള ഒപ്പ് എന്നിവ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണത്തിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.
5. ലൈസൻസ് ഇല്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
6. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 വർഷത്തെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| 2017-18 വസ്തുനികുതി | | | | |
|---|---|---|---|---|
| ഡിമാന്റ് | വരവ് | | കുടിശ്ശിക | |
| | തൻവർഷം | മുൻവർഷങ്ങളിലെ | തൻവർഷം | മുൻവർഷങ്ങളിലെ |
| 4379943 | 3728748 | 2249156 | 602673 | 778985 |

മേൽ പട്ടികയിൽ ഈടാക്കാൻ അവശേഷിക്കുന്ന ആകെ കുടിശികയിൽ 949099രൂപ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടേതാണ്. കുടിശ്ശിക ഈടാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് വസ്തുനികുതി ഈടാക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ച പരിശോധിച്ച് നികുതിപിരിവ് 100 ശതമാനം കൈവരിക്കുന്നതിനുള്ള കൂട്ടായ ശ്രമം ഉണ്ടാവേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. നിലവിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് അസി.എഞ്ചിനിയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുറ്റനാട് ബ്രാഞ്ചിൽ 36184114193 നമ്പറായി അക്കൌണ്ട് ആരംഭിച്ചതായി കാണുന്നുണ്ട്. ഈ അക്കൌണ്ടിൽ നിലവിൽ 93975/- രൂപ നീക്കിയിരിപ്പുണ്ട്. ഇ ടെണ്ടർ ഫോറം രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യലയത്തിൽനിന്നും യഥാർത്ഥത്തിൽ തിരികെ ലഭിക്കാനുള്ള തുക എത്രയാണെന്ന് വ്യക്തമല്ല. പഞ്ചായത്തിന് നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക എത്രയെന്ന് കണക്കാക്കുന്നതിനായി ഇ-ടെൻഡർ ലിസ്റ്റ് തയ്യാറാക്കി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ള മുഴുവൻ തുകയും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിലവിലുള്ള നീക്കിയിരിപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് കൈമാറേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 355 പൊതു കുടിവെള്ള ടാപ്പുകൾക്ക് പ്രതിമാസം 155313/- രൂപ നിരക്കിൽ 2017-18 വർഷം 1863756/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. ഓരോ വാർഡിലും ഉള്ള പൊതു ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാ) നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അത്തരത്തിൽ സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗരഹിതമായ ടാപ്പുകൾക്ക് തുക ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ ഉള്ള ഗ്രാമപഞ്ചായത്തിന് വെള്ളക്കരം അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്. എല്ലാ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കിയശേഷം ഘട്ടംഘട്ടമായി പൊതുടാപ്പുകൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 തെരുവ് വിളക്കുകളുടെ പരിപാലനം

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നാളിതുവരെ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവു വിളക്കുകളുടെ എണ്ണത്തിലെ കൃത്യത, തരം എന്നിവ ഉറപ്പാക്കുവാനായി

വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിയിട്ടില്ല. ആയതിനാൽ ഉപയോഗിക്കാത്തതും നിലവിലില്ലാത്തതുമായ വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ കഴിയില്ല.

പഞ്ചായത്തിൽ നിന്നും ലഭ്യമായതു പ്രകാരം തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെ ഉൾപ്പെടെ ആകെ 738476/- രൂപ തൻവർഷം അടവാക്കിയിട്ടുണ്ട്. അറ്റകുറ്റപണികൾക്കായി തൻവർഷം 459399/- രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

* വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന അടിയന്തിരമായി നടത്തി തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും, ഒടുക്കുന്ന വൈദ്യുതി ചാർജ്ജ്, വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ചെലവഴിക്കുന്ന തുക എന്നിവയുടെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

*പഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*ഊർജ്ജ ഉപഭോഗം കൂടിയ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യേന ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു

പദ്ധതി - തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ്(12/18)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 304300/- (MG NR)

330000/-(തനത് ഫണ്ട് )

ചെലവ് - 304300/- (MG NR)

തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതല്ല. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിനായാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. ജി.ഒ(എം.എസ് )നം.330/2004/lsgd/9.12.04 പ്രകാരമുള്ള മാർഗരേഖയിലും തുടർ ഉത്തരവുകളിലും ഗ്രാന്റ് ഏതെല്ലാം ഇനങ്ങൾക്കാണ് വിനിയോഗിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് മാത്രം വിനിയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ പരിപാലനത്തിന് വകമാറ്റി ചെലവഴിച്ചത് ക്രമപ്രകാരമല്ല.

## 3-4 തെരുവ് വിളക്ക് സ്ഥാപിക്കൽ - സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് പ്രവർത്തി നടത്തിയിരിക്കുന്നത്. പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1. പദ്ധതി - എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ (37/18) -

അടങ്കൽ - 450000/- രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവ് - 450000/- രൂപ (ട്രഷറി ബിൽ നം.29/12.2.2018)

പദ്ധതി പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് (ഇൻവോയ്സ് നം. 0434/8.1.18- supply & installation of 24W lED street light automatic operate with all fitting accessories ) - 150 LED ലൈറ്റുകൾ സ്ഥാപിച്ചതിന് എന്ന പേരിൽ 450000/- രൂപ നൽകിയിട്ടുണ്ട്. 150 LED ലൈറ്റുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം ഇല്ല.

2. പദ്ധതി - തെരുവ് വിളക്ക് സ്ഥാപിക്കൽ (226/18)

അടങ്കൽ - 474000/- (ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവ്- 474000/- രൂപ. ട്രഷറി ബിൽ നം.30/12.2.2018

പദ്ധതി പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് (ഇൻവോയ്സ് നം. 0435/8.1.18- supply & installation of 24W lED street light automatic operate with all fitting accessories ) - 158 LED ലൈറ്റുകൾ സ്ഥാപിച്ചതിന് എന്ന പേരിൽ തുക നൽകിയിട്ടുണ്ട്. 158 LED ലൈറ്റുകൾ സ്ഥാപിച്ചതിന് വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രം , കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം. 9/24.5.2019 നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 450000+474000=924000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശം</u>

LED ലൈറ്റുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം, വാർഡ്മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-5 സ്പിൽഓവർ പ്രൊജക്റ്റ്-സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പൂർത്തീകരിക്കാതെ തുടരുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 2017-18 പദ്ധതി മാർഗ്ഗരേഖ (ജി.ഒ.എം.എസ് നം.72/2017/ത.സ്വ.ഭ.തിയതി.29/03/2017) ഖ.6.8(2) എന്നിവ പ്രകാരം ഒരു സ്പിൽഓവർ പ്രൊജക്റ്റ്, സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണാനുമതി ലഭിച്ചതും 2016-17 വർഷത്തിൽ അസി. എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായ താഴെ പറയുന്ന പ്രൊജക്ടുകൾ 2017-18 സാമ്പത്തികവർഷത്തിലും പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റ് നം,പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | (പ്രൊ.നം.130/18 )നടുവിലേതിൽപടി | 60000 | തനത് ഫണ്ട് |

| | | | |
|---|---|---|---|
| | റോഡ് കോൺക്രീറ്റിംങ് | | |
| 2 | (പ്രൊ.നം.144/18) ആശുപത്രി മേൽഭാഗം റോഡ് റീടാറിംങ് | 200000 | ടി |
| 3 | (പ്രൊ.നം.145/18) ചോലക്കണ്ട് റോഡ് കോൺക്രീറ്റിംങ് | 465000 | വികസനഫണ്ട് (scp) |
| 4 | (പ്രൊ.നം.146/18)പഞ്ചായത്ത് ഓഫീസ് നവീകരണം | 108714 | തനത് ഫണ്ട് |
| 5 | (പ്രൊ.നം.148/18)തടത്തിൽ കോളനി കുടിവെള്ള പദ്ധതി എക്സ്റ്റൻ ഷൻ | 50000 | വികസനഫണ്ട് (scp) |
| 6 | (പ്രൊ.നം.150/18) ചിറക്കൽ കോളനി കുടിവെള്ള പദ്ധതി | 200000 | ടി |
| 7 | (പ്രൊ.നം.151/18) മുണ്ടനാട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻ ഷൻ | 200000 | ധനകാര്യ കമ്മീൻ അവാർഡ്(100000)+ തനത് ഫണ്ട്(100000) |
| 8 | (പ്രൊ.നം.154/18) 12ാം നമ്പർ അങ്കണവാടി(കണ്ണന്നൂര്) നവീകരണം | 150000 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം |
| 9 | (പ്രൊ.നം.164/18) കണിശാഖമന ഹെൽത്ത് സെന്റർ നവീകരണം | 168000 | ടി |
| 10 | (പ്രൊ.നം.153/18) ബഡ്സ് സ്കൂളിന് പുതിയ കിണർ ,മോട്ടോർ,ടാങ്ക്,പൈപ്പ് ലൈൻ | 200000 | തനത് ഫണ്ട് |
| 11 | (പ്രൊ.നം.179/18) മീങ്കിരി സാംസ്കാരിക നിലയം പൂർത്തീകരണം | 497824 | വികസനഫണ്ട് (scp) |

2016--17 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത മേൽപറഞ്ഞ പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കാതെ തുടരുന്നത് ആശാസ്യമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 അങ്കണവാടികളുടെ വൈദ്യുതീകരണം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

വൗച്ചർ നം.21700027/10.4.17 പ്രകാരം 202500/- രൂപ (പ്രോജക്റ്റ് നം.149/17അങ്കണവാടികളുടെ വൈദ്യുതീകരണം) അസി.എഞ്ചിനീയർ, പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സെക്ഷൻ , പാലക്കാട് ന് സെക്രട്ടറിയുടെ STSB അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് . ഫയൽ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 9/24.5.2019 നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-7 ക്വട്ടേഷൻ നിരക്കിനേക്കാൾ അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല

1. പദ്ധതി - രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്(35/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 100000/-

ചെലവ് - 94080/-(പ്ളാൻ ജനറൽ)

ട്രഷറി ബിൽ നം.42/23.3.18

പദ്ധതി പ്രകാരം സ്പോർട്സ് സാമഗ്രികൾ വാങ്ങുന്നതിനുവേണ്ടിയുള്ള ക്വട്ടേഷൻ (നം.എ3/03/24.1.2018) ക്ഷണിച്ചതിൽ നാല് സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ലഭ്യമായതിൽ GARIMA SPORTS കുന്നംകുളം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ

അംഗീകരിച്ചിട്ടുണ്ട്(ഭരണസമിതി തീരുമാനം.നം.25(4)/14.2.2018).

സ്പോർട്സ് സാമഗ്രികൾ സപ്ലൈ ചെയ്ത ഗരിമ സ്പോർട്സ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.B 716/17.3.2018 പ്രകാരം സ്പോർട്സ് സാമഗ്രികൾ 8 ഇനങ്ങൾക്ക് ക്വട്ടേഷനിൽ ക്വാട്ട് ചെയ്ത നിരക്കിൽ ആകെ വില 84040/- രൂപയാണ് , ഡിസ്കൗണ്ട് 40/-രൂപ കുറച്ച് ബാക്കി 84000/- രൂപയാണ്. ആയതു കൂടാതെ CGST 6%-5040/-,SGST 6% 5040/- എന്നിവ കൂടി ബില്ലിൽ ഉൾപ്പെടുത്തി ആകെ 94080/- രൂപ നൽകിയിട്ടുണ്ട്. ക്വട്ടേഷനിൽ ക്വാട്ട് ചെയ്യുന്ന തുക നികുതി ഉൾപ്പെടെയാണെന്നിരിക്കെ ക്വട്ടേഷനിൽ ക്വാട്ട് ചെയ്ത നിരക്കിനു പുറമെ cgst/sgst ഇനത്തിൽ 10080/-രൂപ കൂടി സ്ഥാപനത്തിനു നൽകിയത് അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് അന്വേഷണം നം. 13/25.5.2019 നൽകിയതിന് മറുപടി ലഭ്യമാക്കിയതിൽ പറയുന്നത് നികുതിഒഴികെയുള്ള തുകയാണ് എല്ലാ സ്ഥാപനങ്ങളും ക്വാട്ട് ചെയ്തിട്ടുള്ളത് എന്നാണ്. ക്വട്ടേഷനിൽ ക്വാട്ട് ചെയ്യുന്ന തുക നികുതി ഉൾപ്പെടെയാണെന്നിരിക്കെ മറുപടി സ്വീകരിക്കാവുന്നതല്ല. ആയതിനാൽ അധികം നൽകിയ 10080/-രൂപ തിരികെ അടവാക്കേണ്ടതാണ്.

## 3-8 ഇരുചക്രവാഹനങ്ങൾ വാങ്ങി നൽകൽ-സബ്സിഡി മാർഗ്ഗരേഖയിലെ മാനദ്ധണ്ഡങ്ങൾ പാലിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി യുവജനങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഇരുചക്ര വാഹനം വാങ്ങി നൽകുന്നതിനായി താഴെ പറയുന്ന പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്

| | |
|---|---|
| പ്രൊജക്റ്റ് നം. | SO104/18 |
| പേര് | യുവജനങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഇരുചക്ര വാഹനം |
| അടങ്കൽ | 3,00,000/- വികസന ഫണ്ട് (എസ്.സി.പി) |
| | 6,80,000/- (ഗുണഭോക്തൃ വിഹിതം) |
| ആകെ | 9,80,000/- |
| ബിൽ നം./തിയതി | ചെലവ് |
| 8/17-18/31/7/17 | 1,00,000/- |
| 21/17-18/27/10/17 | 40,000/- |
| 30/17-18/19/03/18 | 20,000/- |
| 41/17-18/27/03/18 | 40,000/- |
| ആകെ | 2,00,000/- |

3.04.2017 ലെ ജി.ഒ.(എം.എസ്) നം.80/2017 ത.സ്വ.ഭ.വ. പ്രകാരം നിഷ്കർഷിച്ചിട്ടുള്ള താഴെ പറയുന്ന മാനദണ്ഡങ്ങൾ മേൽ സൂചിത പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല :

1)നിലവിൽ ഇരു ചക്ര-നാലു ചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുതെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ആനുകൂല്യം ലഭ്യമാക്കിയ ഗുണഭോക്താക്കളിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2)ഗുണഭോക്താവായി തെരഞ്ഞെടുത്ത അറിയിപ്പ് രേഖാമൂലം ലഭിച്ച ശേഷം പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങിക്കണം.

3)5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കുവാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണം എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23.05.2019 ലെ അന്വേഷണ നം.4).നിർവ്വഹണ

ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിശദീകരണത്തിൽ ക്രമ നം.1 മുതൽ ക്രമ നം.3 വരെയുള്ള അന്വേഷണങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

പദ്ധതി രൂപീകരണ വേളയിൽത്തന്നെ അർഹരായ ഗുണഭോക്താക്കൾ ഉണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-9 യീൽഡ് ടെസ്റ്റ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി കുന്നത്ത്കാവ് നാലുസെന്റ് കോളനി DWSS എന്ന കുടിവെള്ള പദ്ധതിക്ക് പ്രൊജക്ട് വച്ച് അംഗീകാരം വാങ്ങുകയും 274400/-പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയതിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖേനയാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. കുടിവെള്ള പദ്ധതിക്കായി ബോർവെൽ കുഴിച്ച്, മോട്ടോർ സ്ഥാപിക്കൽ, പ്രീഫാബ്രിക്കേറ്റഡ് പമ്പ്ഹൌസ്, ടാങ്ക് , പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ വർക്കുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിൽ മോട്ടോർ സ്ധാപിക്കുന്നതിന് ഒരു HP ക്ക് 17600രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മോട്ടോറുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് സ്റ്റേജ് നിശ്ചയിച്ചുവേണം മോട്ടോറുകൾ സ്ഥാപിക്കേണ്ടത് എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ yield test നടത്തുന്നതിനായി തൃശ്ശൂർ ഭൂഗർഭ ജല വകുപ്പിലേക്ക് 6600/-രൂപ നൽകിയതിന്റെ രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഭൂഗർഭ ജല വകുപ്പിന്റെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റേജിനനുസരിച്ചാണ് മോട്ടോർ വാങ്ങി സ്ഥപിച്ചത് എന്ന് ഉറപ്പാക്കാൻ നിർവാഹമില്ല. മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില സ്റേജ് അനുസരിച്ച് മാറുമെന്നതിനാൻ മോട്ടോറിന്റെ ഹോഴ്സ് പവർ നിശ്ചയിക്കുന്നതിന് yield test ഒഴിച്ചുകൂടാനാവാത്തതാണ്. ടെസ്റ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.10 തിയതി. 24.05.2019) ലഭ്യമാക്കിയ മറുപടിയിൽ യീൽഡ് ടെസ്റ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്നും ആയത് കൺവീനർ വഴി പാലക്കാട് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കും വരെ ചെലവ് തുക 6600/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-10 സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല

2017-18 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി വികസന ഫണ്ടിൽ നിന്നും 3,02,316/- രൂപ അടങ്കൽ വകയിരുത്തി താഴെ പറയുന്ന പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം. | S0088/17-18 |
|---|---|
| പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ (8,9,10) |
| അടങ്കൽ | 3,02,316/- (വികസന ഫണ്ട്) |
| ബിൽ നം./തിയതി | ചെലവ് |
| 24/17-18/13/11/2017 | 2,29,160/- |
| 34/17-18/21/13/2018 | 35,560/- |
| ആകെ ചെലവ് | 2,64,720/- |

പ്രസ്തുത പദ്ധതി പ്രകാരം പഞ്ചായത്തിന്റെ പ്രവൃത്തന പരിധിയിലുള്ള സ്കൂളുകളിലെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാനായി 59 സൈക്കിളുകൾ (37ബൈസൈക്കിൾ റോക്കിയും, 22 ലേഡി ബേർഡ് ബൈസൈക്കിളും) വാങ്ങിയിട്ടുണ്ട്.വിശദാംശങ്ങൾ :

I)

| സ്ഥാപനത്തിന്റെ പേര് | പോപ്പുലർ സൈക്കിൾ മാർട്ട് |
|---|---|
| ഇൻവോയ്സ് നം./തിയതി | C-6129/19/03/2018 |

| ഇനം | എണ്ണം | വില |
|---|---|---|
| ബൈസൈക്കിൾ റോക്ക് ഹെർക്കുലിസ് | 6 | 26,160/- |
| ബൈസൈക്കിൾ ലേഡി ബേർഡ് | 2 | 9,400/- |
| ആകെ | 8 | 35,560/- |

II)

| സ്ഥാപനത്തിന്റെ പേര് | പോപ്പുലർ സൈക്കിൾ മാർട്ട് |
|---|---|
| ഇൻവോയ്സ് നം./തിയതി | C-2765/04/11/2017 |

| ഇനം | എണ്ണം | വില |
|---|---|---|
| ബൈസൈക്കിൾ റോക്ക ഹെർക്കുലിസ് | 31 | 1,35,160 |
| ബൈസൈക്കിൾ ലേഡി ബേർഡ് | 20 | 94,000/- |
| ആകെ | 51 | 2,29,160/- |

പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോതാക്കളിൽ 58 പേർക്ക് മാത്രമെ ബൈസൈക്കിളുകൾ വിതരണം ചെയ്തതായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളു. ഇതു സംബന്ധിച്ച് 23.05.2019 ലെ അന്വേഷണ നം.4 പ്രകാരം രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടിരുന്നു .ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 59 സൈക്കിളുകൾ വാങ്ങിയപ്പോൾ ഒരെണ്ണത്തിന് നിർമ്മാണത്തിലെ അപാകതയുള്ളതിനാൽ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല എന്നും ആയത് നിലവിൽ പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ബൈസൈക്കിളിലെ നിർമ്മാണ അപാകത ശരിയാക്കി, സ്കൂൾ അധികൃതർ മുഖേന തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യേണ്ടതാണ്. ഇപ്രകാരം വിതരണം ചെയ്തതിനാധാരമായ രേഖ/രജിസ്റ്റർ എന്നിവയുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ആയത് വരെ ഇതിലേക്കായി ചെലവഴിച്ച തുക 4700 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 കന്നുകുട്ടി പരിപാലന പദ്ധതി വിഹിതം നൽകിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 2,00,000/- രൂപ അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങിയശേഷം താഴെ പറയുന്ന പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം. | S0243/18 |
| പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട്) |
| ബിൽ നം./തിയതി | ചെലവ് |
| 8/17-18/28/12/2017 | 2,00,000/- |

പ്രസ്തുത പദ്ധതി വിഹിതം പാലക്കാട് കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് കന്നുകുട്ടി പരിപാലനത്തിനായി അക്കൗണ്ട് നം.714021400000008 ലേക്ക് NEFT മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.മുൻ സാമ്പത്തിക വർഷങ്ങളിൽ മേൽ സൂചിത പദ്ധതിയിലുൾപ്പെടുത്തി വിഹിതം നൽകിയിതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിൽ നൽകിയിട്ടുണ്ടെന്ന് രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്.(25.05.2019 ലെ അന്വേഷണ നം.11).
<u>നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം.</u>

2017-18 സാമ്പത്തിക വർഷത്തിലെ കന്നുകുട്ടി പരിപാലന പദ്ധതി നടന്ന് കൊണ്ടിരിക്കുന്നതിനാൽ ധന വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ ഡയറക്ടറിൽ നിന്നും ലഭിക്കുകയുള്ളൂ. തൃത്താല ഗ്രാമ പഞ്ചായത്തിൽ നിലവിൽ 4 ക്ഷീര കർഷക സഹകരണങ്ങൾ പ്രവൃത്തിച്ച് വരുന്നുണ്ട്. പഞ്ചായത്തിന്റെ 2 സ്കീമുകളും ഡിപ്പാർട്ട്മെന്റിന്റെ 2 സ്കീമുകളും ഇപ്പോൾ നടന്ന് വരുന്നുണ്ട്.
പഞ്ചായത്തിൽ നിന്നും കന്നുകുട്ടി പരിപാലന പദ്ധതിയുടെ ലിസ്റ്റ് ലഭ്യമാവുന്ന മുറയ്ക്ക് രജിസ്റ്റർ ഒത്ത് നോക്കി എൻറോൾ ചെയ്ത് വരികയും ചെയ്യുന്നുണ്ട്.ഓരോ മാസവും കാലിതീറ്റ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതം ഡിപ്പാർട്ട്മെന്റിലേക്ക് അടവാക്കുകയാണ് ചെയ്ത് വരുന്നത്.

<u>ഓഡിറ്റ് നിർദ്ദേശം</u>

പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-12 നിശ്ചിത സമയപരിധിക്കുള്ളിൽ വിവാഹ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി വികസന ഫണ്ടിൽ നിന്നും 18,00,000/- രൂപ വകയിരുത്തി പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.
വിശദവിവരങ്ങൾ :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0089/18 |
| പദ്ധതിയുടെ പേര് | 3 പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹ ധന സഹായം (സ്പിലൊവർ) |
| അടങ്കൽ | 17,50,000 (വികസന ഫണ്ട്) |
| | 50,000 (തനത് ഫണ്ട്) |
| ആകെ | 18,00,000/- |
| ബിൽനം./ തിയതി | ചെലവ് |
| 7/17-18/22/7/17 | 1,50,000/- |
| 10/17-18/31/7/17 | 2,00,000/- |
| 11/17-18/20/8/17 | 2,00,000/- |
| 12/17-18/21/8/17 | 50,000/- |
| 13/17-18/24/8/17 | 2,00,000/- |
| 15/17-18/18/9/17 | 1,00,000/- |
| 18/17-18/25/10/17 | 2,00,000/- |
| 20/17-18/25/10/17 | 50,000/- |

| | |
|---|---|
| 29/17-18/24/02/18 | 5,75,000/- |
| ആകെ | 17,25,000/- |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം വിവാഹ ധനസഹായം നൽകുവാനായി തെരഞ്ഞെടുത്ത ഗുണഭോക്താവായ കാർത്ത്യായനി ചോലയിൽ, ഉള്ളനൂർ, തുത്താല എന്ന വ്യക്തിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം കല്യാണ തിയതി 10/03/2016 ആണ്. വിവാഹ ധനസഹായം ലഭിക്കുന്നതിനായി 18.12.2017നാണ് അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. 13 -ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹ ശേഷം 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. അനുവദനീയമായ കാലപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതെ ഒരു വർഷവും, 8 മാസങ്ങൾക്കും ശേഷമാണ് അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത വിവാഹത്തിനുള്ള ആനുകൂല്യമായി 20,000/- രൂപ മേൽ സൂചിത ഗുണഭോക്താവിന് ഇവരുടെ SBTഅക്കൗണ്ട് നം.67392105157ലേക്ക് NEFT മുഖേല ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.മേൽ സാഹചര്യത്തിനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാനായി 23.05.2019 ലെ അന്വേഷണ നം.4 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് ശ്രദ്ധ കുറവ് മൂലം സംഭവിച്ച പാക പിഴയാണെന്നാണ് വിശദീകരിച്ചിട്ടുള്ളത്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 കേന്ദ്രാവിഷ്കൃത ഫണ്ടിലുള്ള നീക്കിയിരിപ്പ് ഫലപ്രദമായി വിനിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 20,96,931.00 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1643986.00 |
| വരവ് | 712988.00 |
| ആകെ | 2356974.00 |
| ചെലവ് | 260043.00 |
| നീക്കിയിരിപ്പ് | 2096931.00 |

SNP ക്ക് ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ നീക്കിയിരിപ്പ് വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ എന്നിവ വാങ്ങുവാനും മുൻഗണന നൽകേണ്ടതാണ്. (3.09.2010 ലെ സ.ഉ.39033/-ഡി.സി.2/2010). സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് ലഭ്യമാകുന്ന കേന്ദ്രഫണ്ട് സമയപരിധിക്കകം തന്നെ പദ്ധതികൾ നടപ്പിലാക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ആകെ 28അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ 2 എണ്ണം വാടക രഹിതമായ കെട്ടിടങ്ങളിൽ പ്രവൃത്തിക്കുകയും, 4 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലുമാണ് പ്രവൃത്തിച്ച് വരുന്നത്. ഇതിൽ 28 എണ്ണങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. നിലവിലുള്ള വൈദ്യുതി ഇല്ലാത്ത ഒരു അങ്കണവാടിക്ക് ഷീറ്റ് മേഞ്ഞതിനാൽ വൈദ്യുതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ KSEBയിലേക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. 4 അങ്കണവാടികൾ വാടകയ്ക്കാണ് പ്രവൃത്തിക്കുന്നെങ്കിലും, ഒന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതാണ്. ഫിറ്റ്നസ്സ് സർട്ടഫിക്കറ്റ് ലഭ്യമാക്കുവാനായി ഈ കെട്ടിടത്തിന് മേഴത്തൂർ (സെന്റർ നം.3) അങ്കണവാടിക്കായി 2018-19 ൽ 20 ലക്ഷത്തിന്റെ പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. 2017-18 ൽ തന്നെ സ്ഥലം ലഭ്യതയുള്ള ഞാങ്ങാട്ടിരി സ്കൂൾ (center no.17) എന്ന അങ്കണവാടിക്ക് കെട്ടിട നിർമ്മാണത്തിനായി പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. ഷീറ്റ് മേഞ്ഞതുമാണ്. എന്നാൽ അങ്കണവാടികൾക്ക് നാളിത് വരെ ഫിറ്റ്നസ്സ്

സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. 2017-18 ൽ C.No.17, C.No.23 ലെ അങ്കണവാടികളുടെ കെട്ടിടം പൊളിച്ച് പുതിയതായി നിർമ്മിക്കുവാൻ 5 ലക്ഷം രൂപ കേന്ദ്രവിഹിതത്തിൽ നിന്നും വകയിരുത്തി പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2.യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

3.സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-15 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്

2017-18 സാമ്പത്തിക വർഷത്തിൽ അങ്കണവാടികൾക്ക് പോഷകാഹാര വിതരണത്തിനായി ICDS Supervisor താഴെ പറയുന്ന പ്രൊജക്റ്റിന് അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം. | S0071/18 |
| പേര് | അംഗണവാടി പോഷകാഹാര പരിപാടി (ജനറൽ) |
| വികസന ഫണ്ട് (പൊതു വിഭാഗം) | 12,00,000/- |
| കേന്ദ്രാവിഷ്കൃത പരിപാടി | 8,00,000/- |
| അടങ്കൽ | 20,00,000/- |
| ബിൽ നം./ തിയ്യതി | ചെലവ് |
| 2/17-18/21/8/17 | 3,28,590/- |
| 3/17-18/25/8/2017 | 35,999/- |
| 5/17/-18/3/8/2017 | 4,25,592/- |
| 6/17-18/3/10/2017 | 1,56,851/- |
| 10/17-18/23/12/2017 | 1,54,410/- |
| 14/17-18/12/02/2018 | 70,811/- |
| 21/17-18/21/03/2018 | 22,235/- |
| 22/17-18/23/01/2018 | 5,110/- |
| ആകെ | 11,99,598/- |
| സെന്റ്ട്രൽ ഷെയർ | 2,03,473/- |
| ആകെ | 14,03,071/- |

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

തുത്താല ഗ്രാമപഞ്ചായത്തിൽ അംഗണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ 3 തവണയായി 16.05.2017, 2.06.2017, 13.08.2017 എന്നീ തിയതികളിൽ മാത്രമെ ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. ആയതിനുള്ള ലാബ് റിപ്പോർട്ട് 2.6.2017 ന് നൽകിയ സാമ്പിളിന് മാത്രമേ ലഭ്യമായിട്ടുള്ളൂവെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചതായി കാണുന്നുണ്ട്.

അനുപൂരക പോഷകാഹാര പരിപാടി മെച്ചപ്പെടുത്തുവാനും, കൗമാര പ്രായക്കാർക്ക് വിതരണം ചെയ്യുന്ന പോഷകാഹാര വിതരണം കാര്യക്ഷമമാക്കുവാനും ശുപാർശ ചെയ്തിട്ടുണ്ട്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-16 ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം- അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ തുത്താല ഗ്രാമ പഞ്ചായത്തിന്റെ അധികാരപരിധിയിൽ 28അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയിൽ 28 വർക്കർമാരും 28 ഹെൽപ്പർമാരും സേവനമനുഷ്ഠിക്കുന്നു. തൻവർഷത്തെ വനിത ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് യോഗ മിനുട്സ് പരിശോധിച്ചതിൽ 4.01.2018 ന് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായുള്ള താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട് :

1)ചുമർ ചിത്രങ്ങളോട് കൂടി വൈറ്റ് വാഷിംഗ്.

2)ഷീറ്റ് മേഞ്ഞവയിൽ ചുമർ കെട്ടി ഹാൾ ആക്കുക.

3)സ്ഥല സൗകര്യം കുറഞ്ഞ അങ്കണവാടികളിൽ ഷീറ്റ് ഇടുക.

4)ചുറ്റ് മതിൽ ഇല്ലാത്ത അങ്കണവാടികളിൽ ആയത് നിർമ്മിക്കുക.

5)നിലം ഇല്ലാത്ത അംഗണവാടികളിൽ ടൈൽ ഇടുക.

6)വൈദ്യുതീകരിക്കാത്ത അങ്കണവാടികൾ വൈദ്യുതീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

7)19 -ാംനമ്പർ അങ്കണവാടിക്ക് പ്ലംബിങ്ങ്.

2017-18 സാമ്പത്തിക വർഷത്തിൽ സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട് :

1)കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടം പണിയുക.

2)അങ്കണവാടികൾക്ക് ബേബിഫ്രണ്ട് ലി ടോയ്‌ലറ്റ് പണിയുക.

3)ഗ്യാസ് സ്റ്റൗ വയ്ക്കുന്നതിനുള്ള മേശ ലഭ്യമാക്കുക.

മേൽ സൂചിത തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും അങ്കണവാടികൾക്ക് താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലായെന്ന് ഐ.സി.ഡി.എസ് .സൂപ്പർവൈസർ രേഖാമൂലം അറിയിച്ചിട്ടുണ്ട് :

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 6 |
| 2 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 28 |
| 3 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 1 |
| 4 | ഫാൻ ഇല്ലാത്തവ | 1 |
| 5 | ബേബി ഫ്രണ്ട്ലി ടോയ് ലറ്റ് ഇല്ലാത്തവ | 27 |
| 6 | ചുറ്റ് മതിൽ ഇല്ലാത്തവ | 8 |
| 7 | കമ്പ്യൂട്ടർ ലഭിച്ചിട്ടില്ലാത്ത അംഗണവാടികളുടെ എണ്ണം | 28 |
| 8 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 4 |
| 9 | വൈറ്റ് വാഷിംഗ് നടത്താത്ത അങ്കണവാടികൾ | 13 |

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു :

1)അങ്കണവാടി വർണ്ണാഭമാക്കൽ എന്ന പദ്ധതി പ്രകാരം 2018-19 ൽ 15 അങ്കണവാടികളിൽ കളർ ചിത്രങ്ങളോടൊപ്പം പെയിന്റിംഗ് നടത്തിയിട്ടുണ്ട്.

2)നാല് അംഗണവാടികളിൽ ഹെൽപ്പർമാരുടെ ഒഴിവുണ്ട്. സീനിയോറിറ്റി ലിസ്റ്റിൽ ആളില്ലാത്തതിനാൽ ALMSC(Anganvaadi Level Monitoring & Supporting Committee) ശുപാർശ ചെയ്തതിന്റേയും, CDPO യുടെ നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ ഹെൽപ്പർമാരെ താൽക്കാലികമായി നിയമിച്ച് വരികയാണ്.

3)വൈദ്യുതി ഇല്ലാത്ത അങ്കഗണവാടിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് അടുത്തുള്ള വീടിൽ നിന്നും കണക്ഷൻ എടുക്കുന്നതിനായി പട്ടാമ്പി K.S.E.Bക്ക് കത്ത് നൽകിയതായി ICDS SUPERVISORഅറിയിച്ചിട്ടുണ്ട്.

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളേയും സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2.വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റുമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3.രണ്ട് അങ്കണവാടികൾ വാടക രഹിതമായും, 4 എണ്ണം വാടകയ്ക്കും പ്രവൃത്തിച്ച് വരുന്നു. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.

4.വൈദ്യുത കണക്ഷൻ ഇല്ലാത്തതും, ബേബി ഫ്രണ്ട്ലി ടോയ്ലറ്റും, ഫാനിലാത്തതും, പ്ലമ്പിങ്ങ് ആവശ്യമെങ്കിൽ ആയതും ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-17 മാലിന്യനിർമ്മാർജ്ജനപ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാവണം

മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് പ്രധാനമായും രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരള മിഷൻ-ഗ്രീൻ തൃത്താല ക്ലീൻ തൃത്താല എന്ന പേരിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായും (പ്ലാസ്റ്റിക് സംഭരണം ബക്കറ്റ് വാങ്ങൽ (24/18)) വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനാ/യും (ഹരിത കേരള മിഷൻ അജൈവമാലിന്യങ്ങളുടെ സംഭരണം കുടുംബശ്രീ മുഖേന-68/18 ) പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.
1.പദ്ധതി – ഹരിത കേരള മിഷൻ-ഗ്രീൻ തൃത്താല ക്ലീൻ തൃത്താല പ്ലാസ്റ്റിക് സംഭരണം ബക്കറ്റ് വാങ്ങൽ (24/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് 495000/- രൂപ ( പ്ലാൻ ഫണ്ട്).

പദ്ധതി പ്രകാരംADDS MARKETING, കുറ്റനാട് എന്ന സ്ഥാപനത്തിൽ നിന്ന് (ഇൻവോയ്സ് നം.54/18/22.11.17) 2364 loundry buckets വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ബക്കറ്റുകൾ സ്റ്റോക്കിലെടുത്തത് വിതരണം നടത്തിയിതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 9/24.5.2019 നൽകിയിട്ടുണ്ട്.
വീടുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ബക്കറ്റുകളിലാക്കി ശേഖരിക്കുന്നതിനാണ് ലക്ഷ്യമിട്ടത് എന്നും ആയത് ആഴ്ച്ചയിൽ ഒരിക്കൽ കുടുംബശ്രീകാർ എടുത്തുകൊണ്ട് പോവുകയും ചെയ്യുന്നുണ്ട് എന്നുമാണ് വിശദീകരണം ലഭ്യമായത്.
2. പദ്ധതി 68/18
അജൈവ മാലിന്യങ്ങളുടെ നിർമ്മാണം-കുടുംബശ്രീ മുഖേന
നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ചെലവ് – 182900രൂപ ( പ്ലാൻ ഫണ്ട്).

സംഭരിച്ച മാലിന്യങ്ങൾ തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾ മുഖേന ശേഖരിക്കുകയും പ്രത്യേക വാഹനത്തിൽ സംഭരണസ്ഥലത്തെത്തിക്കുകയും ചെയ്യുകയാണ് രണ്ടാമത്തെ പ്രോജക്ട് പ്രകാരം ചെയ്തിട്ടുള്ളത്. ഇത് പിന്നീട്ഹരിതകേരളം മിഷന്റെ സഹായത്തോടെ നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്.

ഉത്തരവാദിത്ത മാലിന്യപരിപാലനരീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂലമനോഭാവങ്ങളും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു മാലിന്യ പരിപാലനസംസ്കാരം സൃഷ്ടിക്കുക , ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 50000 | 50000 | 0 |
| | | ഉഴവുകൂലി | 750000 | 750000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ട്രഷറിബിൽ 36/19.3.18 26/30.12.17 | 110971 102700 | 213671 | 11329 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 214052 |
| തൻവർഷം നിക്ഷേപിച്ച തുക/പലിശ | 17124 |
| ആകെ | 231176 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 231176 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പി.ഡി.സി ബാങ്ക്,തൃത്താല | 28.11.17 | 2 വർഷം | 214052 | F D No - 035030203000553 |
| ആകെ | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14460 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3(2) | 12000 | സിന്ധു.വി.പി,കൃഷി ഓഫീസർ | 117130500022/ 26.10.2017 |
| 2016-17 | 2(2) | 900 | സെക്രറി, മേഴത്തൂർ, ക്ഷീരസഹകരണ സംഘം | 117130107818/ 26.02.2018 |
| 2012-13 | 2(3) | 240 | സെക്രട്ടറി, ഞാങ്ങാട്ടിരി മിൽക് സൊസൈറ്റി | 117130107831/ 26.02.2018 |
| 2013-14 | 2(3) | 240 | സെക്രട്ടറി, ഞാങ്ങാട്ടിരി മിൽക് സൊസൈറ്റി | 117130107832/ 26.02.2018 |
| 2014-15 | 2(1) | 240 | സെക്രട്ടറി, ഞാങ്ങാട്ടിരി മിൽക് സൊസൈറ്റി | 117130107833/ 26.02.18 |
| 2015-16 | 2(1) | 360 | സെക്രട്ടറി, ഞാങ്ങാട്ടിരി മിൽക് സൊസൈറ്റി | 117130107833/ 26.02.18 |
| 2016-17 | 2(2) | 480 | സെക്രട്ടറി, ഞാങ്ങാട്ടിരി മിൽക് സൊസൈറ്റി | 117130107834/ 26.02.18 |
| | ആകെ | 14460 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3(1) | 2015-16 | 8(17) | കുടുംബശ്രീ തൊഴിൽ പരിശീലനപദ്ധതി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | നിയമസഭാ സമിതി അന്തിമതീർപ്പ് കൽപ്പിച്ചിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് നടപടി വഴി തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66024239 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64748235 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10080 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 935300 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 10080 | ശ്രീ.എം.ഡി.വർഗ്ഗീസ് സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 924000 | ശ്രീ.എം.ഡി.വർഗ്ഗീസ് - സെക്രട്ടറി |
| 3-9 | 6600 | ശ്രീ.ഷിദ്ധി.എൻ.പി - അസി.എഞ്ചിനിയർ |
| 3-10 | 4700 | ശ്രീമതി.അമ്പിളി.എം -അസി.സെക്രട്ടറി |
| ആകെ | 935300 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| എം.ഡി.വർഗ്ഗീസ് സെക്രട്ടറി | വിരമിച്ചു | മരോട്ടികുടി ഹൌസ് സൌത്ത് വെള്ളറപ്പിള്ളി, ശ്രീമൂല നഗരം 683580 |
| ശ്രീ.ഷിദ്ധി.എൻ.പി അസി.എഞ്ചിനിയർ | | ആലുപുരയ്ക്കൽ ഹൗസ്, കണ്ടാനശ്ശേരി പിഓ,തൃശ്ശൂർ |
| ശ്രീമതി.അമ്പിളി.എം അസി.സെക്രട്ടറി | | കണ്ടംകുളങ്ങര ഹൌസ്, വെട്ടിക്കാട്ടിരി പിഓ,തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-പി.കെ.ഡി 20/1694/2017/05.03.18 | 5 |
| 99-2000 | | 8 |
| 2000-01 | | 1 |
| 2002-03 | | 3 |
| 2003-04 | | 1 |
| 2004-05 | | 3 |
| 2005-06 | | 5 |
| 2006-07 | | 3 |
| 2007-08 | | 2 |
| 2008-09 | | 11 |
| 2009-10 | | 10 |
| 2010-11 | | 15 |
| 2011-12 | | 9 |
| 2012-13&2013-14 | | 29 |
| 2014-15 | നം കെ.എസ്.എ/ പി.കെ.ഡി-20/1318/16/31.07.16 | 18 |
| 2015-16 | നം കെ.എസ്.എ/ പി.കെ.ഡി-20/2297/16/26.12.16 | 23 |
| 2016-17 | നം കെ.എസ്.എ/ പി.കെ.ഡി-20/1964/17/19.9.17 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ

നിബന്ധനകൾ പ്രകാരവും തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1. വസ്തു നികുതി, തൊഴിൽ നികുതി എന്നീ വരവിനങ്ങളിൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളും DCB രജിസ്റ്റർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. തൻവർഷ കുടിശ്ശിക തുകകൾക്ക് Income & Expenditure Account-ൽ തൻവർഷത്തേക്കുള്ള Provision രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

3. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ Capital work-in-progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതത് ആസ്തികളിലേക്ക് വരവ് വെക്കുന്നത് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. കൃഷി ഓഫീസർ ഒഴികെയുള്ള നിർവഹണോദ്യോഗസ്ഥർ TR 7A ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല. പഞ്ചായത്തിൽ നിന്നുള്ള വരവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

# പത്രികകൾ

| Thrithala Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6369463.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 464928.00 |
| 140000000 | Fee & User Charges | I-4(b) | 794526.00 |
| 150000000 | Sale & Hire Charges | I-5(b) | 57883.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 100714021.00 |
| | Subsidies | | |
| 170000000 | Income from Investments | I-7 | 17124.00 |
| 171000000 | Interest Earned | I-8 | 314409.00 |
| 180000000 | Other Income | I-9 | 28217.00 |
| | Total Income | | 108760571.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8940594.00 |
| 220000000 | Administrative Expenses | I-11(b) | 1552733.00 |
| 230000000 | Operations & Maintenance | I-12(b) | 3599739.00 |
| 240000000 | Interest & Finance Charges | I-13 | 406.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 5137561.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 26777238.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6124088.00 |
| 253000000 | Decentralised Plan | I-14(c) | 2388471.00 |

| | | | |
|---|---|---|---|
| | Programme-Projects not included in | | |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 44541200.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 7606910.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 493005.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 67000.00 |
| | Subsidies | | |
| 270000000 | Provisions and Write off | I-16 | 65880.00 |
| 272000000 | Depreciation | I-17(a) | 436952.00 |
| | Total Expenditure | | 107731777.00 |
| | Gross Surplus/ Deficit of income over Expenditure | | 1028794.00 |
| 280000000 | Prior Period Item | I-18 | 732865.00 |
| Gross Surplus/Deficit of Income over Expenditure after prior period items. | 295929.00 | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

BALANCE SHEET For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount700px |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 23925815.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 874.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 42933397.00 |
| | Total Reserve & Surplus | | 66860086.40 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3340458.00 |
| | Total Grants, Contributions for Specific Purposes | | 3340458.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 603713.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1675350.60 |
| | Total Current Liabilities and Provisions | | 2279063.60 |
| | | | |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 72479608.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50667608.00 |
| 411000000 | Accumulated Depreciation | B-11 | -1565912.00 |
| 412000000 | Capital Work in Progress | B-11(a) | 121125.00 |
| | Total Fixed Assets | | 49222821.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1314038.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -440726.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 21319490.00 |
| 460000000 | Loand, Advances and Deposits | B-18 | 1063985.00 |
| | Total Current Assets, Loans and Advances | | 23697513.00 |
| | Total Current Assets, Loans and Advances | | -440726.00 |
| Other Assets | | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 72479608.00 |
| | | | |
| Page No : 2 | | | |

RECEIPT & PAYMENT STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20043486.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1577010.00 |
| 140000000 | Fees & User Charges | RP-4 | 621576.00 |
| 150000000 | Sale & Hire Charges | RP-5 | 57883.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52427515.00 |
| 171000000 | Interest Earned | RP-9 | 314409.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3275340.00 |
| 350000000 | Other Liabilities | RP-36 | 292900.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| | | | |

| | | | |
|---|---|---|---|
| 170000000 | Income from Investments | RP-8 | 17124.00 |
| 180000000 | Other Income | RP-10 | 28217.00 |
| 311000000 | Earmarked Funds | RP-29 | 34.00 |
| 340000000 | Deposits Received | RP-34 | 75559.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 310937.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6933492.00 |
| 460000000 | Loans, Advances and Deposits | RP-47 | 92243.00 |
| | Grand total | | 86067725.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2755595.00 |
| 220000000 | Administrative Expenses | RP-12 | 1523413.00 |
| 230000000 | Operations & Maintenance | RP-13 | 3521396.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5086550.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13250339.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5704738.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 2388471.00 |
| Page No : 1 | | | |
| Sector Division | | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 725400.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 7606910.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 493005.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 67000.00 |
| 280000000 | Prior Period item | RP-26 | -15257.00 |
| 350000000 | Other Liabilities | RP-36 | 4637783.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 406.00 |
| 280000000 | Prior Period Item | RP-26 | -52080.00 |
| 340000000 | Deposits Received | RP-34 | 43933.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 1914856.00 |
| 410000000 | Fixed Assets | RP-38 | 13128710.00 |
| 412000000 | Capital work in Progress | RP-40 | 121125.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1845942.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 21319490.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 86067725.00 |

ഡെപ്യൂട്ടി ഡയറക്ടർ